## പ്രസിദ്ധീകരണത്തിന്

ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള
(കേരളം മ്യൂസിയം) , പാർക്ക് വ്യൂ, തിരുവനന്തപുരം

# മ്യൂസിയം മാനേജ്മെന്റിൽ
# ഏകദിന ശില്പശാല

മ്യൂസിയം മേഖലയിൽ പ്രവർത്തിക്കുന്നവർക്കും പരിശീലനമാഗ്രഹിക്കുന്നവർക്കുമായി 2025 ഫെബ്രുവരി അഞ്ചിന് മ്യൂസിയം മാനേജ്മെന്റ് എന്ന വിഷയത്തിൽ കേരളം മ്യൂസിയം ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് നടക്കുന്ന ശില്പശാലയുടെ വിശദാംശങ്ങൾ കേരളം മ്യൂസിയത്തിന്റെ **www.museumkeralam.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. അപേക്ഷിക്കേണ്ട അവസാന തീയതി **25.01.2025.**

15.01.2025

**Sd/-**
എക്സിക്യൂട്ടീവ് ഡയറക്ടർ
കേരളം മ്യൂസിയം

# മ്യൂസിയം മാനേജ്മെന്റ് എന്ന വിഷയത്തിൽ ഏകദിന ശില്പശാല

ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള–IMCK (കേരളം മ്യൂസിയം) യുടെ ആഭിമുഖ്യത്തിൽ മ്യൂസിയം പ്രവർത്തകർക്കും പരിശീലനമാഗ്രഹിക്കുന്നവർക്കുമായി തിരുവനന്തപുരം നളന്ദയിലെ വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് **2025 ഫെബ്രുവരി 5–ന്** ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു.

വിഷയം : മ്യൂസിയം മാനേജ്മെന്റ്

സ്ഥലം : വൈലോപ്പിള്ളി സംസ്കൃതി ഭവൻ, നളന്ദ, തിരുവനന്തപുരം

തീയതി : 2025 ഫെബ്രുവരി 5 രാവിലെ 9 മുതൽ വൈകുന്നേരം 4.30 വരെ

യോഗ്യത:

മ്യൂസിയം പ്രവർത്തകർ (20 സീറ്റ്) : മ്യൂസിയം പ്രവർത്തകർ ബന്ധപ്പെട്ട ഓഫീസ് തലവന്റെ ശുപാർശക്കത്ത് സഹിതം അപേക്ഷിക്കണം

മറ്റുള്ളവർ ( 30 സീറ്റ്) : മ്യൂസിയോളജി, മലയാളം, ചരിത്രം, ആർക്കിയോളജി എന്നിവയിൽ ഏതിലെങ്കിലും ബിരുദാനന്തര ബിരുദം (അധിക യോഗ്യതയായി മ്യൂസിയം ഇന്റേൺഷിപ്പ്/മ്യൂസിയം ഡിപ്ലോമ ഉള്ളവർക്ക് മുൻഗണന)

: ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദവും മ്യൂസിയം ഇന്റേൺഷിപ്പ്/മ്യൂസിയം ഡിപ്ലോമ ഉള്ളവരെയും പരിഗണിക്കും

: യോഗ്യമായ അപേക്ഷകൾ ലഭിക്കുന്ന സീനിയോറിറ്റി ക്രമത്തിൽ പരിഗണിക്കുന്നതാണ്

: യാത്രപ്പടി ലഭിക്കുന്നതല്ല

: പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നല്കുന്നതാണ്.

പ്രവേശന ഫീസ് – പ്രവേശനം സൗജന്യം

യോഗ്യത, ജനനതീയതി, മേൽവിലാസം, ഇ–മെയിൽ അഡ്രസ്സ്, ഫോൺ നം. എന്നിവയടങ്ങിയ സ്വയം തയ്യാറാക്കിയ അപേക്ഷ ലഭിക്കേണ്ട അവസാന തീയതി **25/01/2025 വൈകുന്നേരം 5 മണി**

: യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം നല്കേണ്ടതാണ്.

- അപേക്ഷ ലഭിക്കുന്ന തീയതി പരിഗണിച്ച് യോഗ്യരായവരെ തിരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അധികാരം കേരളം മ്യൂസിയം എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും .

അയക്കേണ്ട മേൽവിലാസം : **എക്സിക്യൂട്ടീവ് ഡയറക്ടർ**
**കേരളം മ്യൂസിയം ഓഫ് ഹിസ്റ്ററി & ഹെറിറ്റേജ്,**
**പാർക്ക് വ്യൂ, തിരുവനന്തപുരം. – 695033**

ഇ–മെയിൽ വിലാസം : **info@museumkeralam.org**